2.	എൽ. ഡി. ടൈപ്പിസ്റ്റ്	..	11
	പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.		
3.	ക്ലാർക്ക്, ടൈപ്പിസ്റ്റ്	..	3
	പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തത്	..	1
4.	പ്യൂൺ/വാച്ച്മാൻ	..	27
	പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തത്	..	9

(ഇ) പ്രമോഷൻ വഴി നികത്തേണ്ട ഒഴിവുകൾ:

1.	എംപ്ലോയ്മെന്റ് ജോയിന്റ് ഡയറക്ടർ	..	1
2.	ഡെപ്യൂട്ടി ഡയറക്ടർ (സ്പെഷ്യൽ സെൽ ഫോർ എസ്. സി./എസ്. റ്റി.)	..	1
3.	സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് ഓഫീസർ	..	2
4.	സബ് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർ	..	3
5.	എംപ്ലോയ്മെന്റ് ഓഫീസർ	..	6
6.	ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ	..	4
7.	ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ	..	1
8.	പരിഭാഷകൻ	..	1
9.	യു. ഡി. ക്ലാർക്ക്	..	15

അനർഹർ തൊഴിലില്ലായ്മാവേതനം കൈപ്പറ്റുന്നത് ഒഴിവാക്കാൻ നടപടി

91 [3496] ശ്രീ. യു. സി. രാമൻ:
„ വി. കെ. ഇബ്രാഹിം കുഞ്ഞ്:
„ പി. കെ. അബ്ദുറബ്ബ്:
„ പി. കെ. കെ. ബാവ:
„ സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിവും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനർഹരായിട്ടുള്ളവർ തൊഴിൽരഹിത വേതനം കൈപ്പറ്റുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അർഹരായ പല തൊഴിൽരഹിതർക്കും തൊഴിലില്ലായ്മവേതനം ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനർഹരായിട്ടുള്ളവർ തൊഴിൽരഹിത വേതനം കൈപ്പറ്റുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനർഹമായിട്ട് തൊഴിൽരഹിതവേതനം കൈപ്പറ്റുന്നതായി തെളിഞ്ഞാൽ, വേതനം റദ്ദു ചെയ്യുകയും മറ്റ് ശിക്ഷണ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

ഫറോക്ക് ഇ. എസ്. ഐ. ആശുപത്രിയുടെ വികസനം

92 [3497] ശ്രീ. വി. കെ. സി. മമ്മദ്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഫറോക്ക് ഇ. എസ്. ഐ. ആശുപത്രിയുടെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) മരുന്ന്, ഉപകരണങ്ങൾ, റീ-ഇംപേഴ്സ്മെന്റ് എന്നിങ്ങനെ ഇനം തിരിച്ച് 1997 മുതൽ 2001 വരെയും ഈ സർക്കാർ അധികാരത്തിൽ വന്നശേഷവും അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി നിലവിലുള്ള കിണറുകൾ ഉപയോഗയോഗ്യമാക്കുന്നതിനും പുതിയ ബോർവെല്ലുകൾ കുഴിക്കുന്നതിനും നടപടിയെടുത്തിട്ടുണ്ട്. ആശുപത്രി മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. എസ്. റ്റി. ഡി. ക്ലിനിക്ക് (സെക്ഷ്വലി ട്രാൻസ്മിറ്റഡ് ഡിസീസസ്) ആരംഭിക്കുന്നതിനുള്ള നടപടിയും പൂർത്തിയായിക്കഴിഞ്ഞു.

(ബി) റീ ഇംപേഴ്സ്മെന്റ് ഡിസ്പെൻസറികളിൽ മാത്രമേ വരുന്നുള്ളൂ. ആയതിനാൽ ഫറോക്ക് ആശുപത്രിയെ സംബന്ധിച്ചിടത്തോളം റീ-ഇംപേഴ്സ്മെന്റിനെ സംബന്ധിച്ച ചോദ്യം ഉദിക്കുന്നില്ല. മരുന്നിനും ആഹാര സാധനങ്ങൾക്കുമായി 1997 മുതൽ 2001 വരെ ചെലവാക്കിയ തുക ചുവടെ ചേർക്കുന്നു:

1997-98	..	5,00,000 രൂപ
1998-99	..	7,56,790 രൂപ
1999-2000	..	6,88,000 രൂപ
2000-01	..	1,75,000 രൂപ

LIBRARY ARCHIVES Kerala Legislative Assembly